പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4853** **18.12.2014 ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പിൽ ഇ-ഫയലിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>,, റ്റി.യു. കുരുവിള | ശ്രീ വി കെ ഇബ്രാഹീം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) പൊതുമരാമത്തിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുമോ; | എ) പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ചീഫ് എഞ്ചിനീയർ ഓഫീസുകളിൽ ഇ-ഫയലിംഗ് സംവിധാനമായ IDEAS സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്ര ഇ-ഗവർണേൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇ-ഫയലിംഗ് സംവിധാനം എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. |
| ബി) പൊതുമരാമത്ത് വകുപ്പിനെ നവീകരിക്കുവാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ? | ബി) പൊതുമരാമത്ത് വകുപ്പിൽ സമ്പൂർണ്ണ കംപ്യൂട്ടർവത്കരണം ലക്ഷ്യമിട്ടുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ പ്രാരംഭം എന്ന നിലയിൽ ബില്ലിംഗ് സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. എസ്റ്റിമേഷൻ, സാങ്കേതികാനുമതി, ഭരണാനുമതി എന്നിവയ്ക്കുള്ള കമ്പ്യൂട്ടർവത്കൃത സംവിധാനം **(PRICE software) 01.01.2014** മുതൽ നടപ്പിലാക്കു- കയുണ്ടായി. ഇത് ഉടൻ തന്നെ വകുപ്പിലെ മറ്റ് വിഭാഗങ്ങളിലും നടപ്പിലാക്കും. ഇതിനെ തുടർന്ന് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളിലും കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതിനുള്ള ഇ-ഗവേർണൻസ് സംവിധാനമായി **PRICE software** നെ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ